അന്തരിച്ച ബഹുമാന്യനായ സി. എച്ച്. മുഹമ്മദ്കോയ 5-1-1933-ൽ ഈ പാലത്തിന് തറക്കല്ലിട്ടതാണ്. ഭരണാനുമതി ലഭിക്കാത്ത നിലയിലാണ് ഇപ്പോഴും അതിന്റെ സ്ഥിതി. 1982-ൽ ഇത് ഭരണാനുമതി ലഭിച്ചതും അന്ന് ബഡ്ജറ്റിൽ തുക കൊള്ളിച്ചിരുന്നതുമാണ്. പക്ഷേ അതിനുശേഷം അതിന്റെ പണി തുടങ്ങാൻ കഴിഞ്ഞില്ല. ശ്രീ. മുഹമ്മദ്കോയയുടെ അനുസ്മരണാദിനമാണ് ഈ മാസം 30-ാം തീയതി. ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി ഇതിന് പ്രത്യേക താൽപ്പര്യമെടുത്ത് വക്കം പണയിൽക്കടവ് പാലത്തിന്റെ പണി തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): വക്കത്തുനിന്ന് രണ്ട് കി. മീ. അകലെ വക്കം–വെട്ടൂർ റോഡിൽ പണയിൽക്കടവ് എന്ന സ്ഥലത്ത് പാലം പണിയുന്നതിനുള്ള നടപടി ആരംഭിച്ചു. 48 ലക്ഷം രൂപക്കുള്ള എസ്റ്റിമേറ്റിന് 1982-ൽ അനുമതി നൽകിയിരുന്നു. വിശദമായ മണ്ണ് പരിശോധനക്കുശേഷം, അതിന്റെ ഡിസൈനിൽ മാറ്റം വരുത്തേണ്ടതായിവന്നു. അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ എഴുപത്തിയൊന്ന് ലക്ഷത്തിഅറുപതിനായിരം രൂപയുടെ പുതിയ എസ്റ്റിമേറ്റ് ആണ് ഗവൺമെന്റിന്റെ മുമ്പാകെയുള്ളത്. ആ സ്ഥിതിക്ക് ഈ കൊല്ലം പ്രത്യേകമായി എന്തെങ്കിലും ചെയ്യാൻ പ്രയാസമാണ്, കാരണം ഇതിന് ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഒന്നും ഉൾക്കൊള്ളിച്ചിട്ടില്ല. അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ ആവശ്യമായ സംഖ്യ ഉൾപ്പെടുത്തിക്കൊണ്ട് തുടങ്ങുന്ന കാര്യം ആലോചിക്കാം.

(4) രാമമംഗലം പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരില്ലാത്തതിനെ സംബന്ധിച്ച്

ശ്രീ. ബെന്നിബഹനാൻ: എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട രാമമംഗലം പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്ററിൽ കഴിഞ്ഞ കുറേ നാളുകളായി നാല് ഡോക്ടർമാർ ഉള്ളതിൽ ഇപ്പോഴും രണ്ട് ഡോക്ടർമാരെ വരാറുള്ളൂ. ഈ വരുന്ന ഡോക്ടർമാർ ഭാര്യാഭർത്താക്കൻമാരാണ്. അവർ മിക്കസമയത്തും ആശുപത്രിയിൽ ഇല്ല. ഇക്കാര്യം പലതവണ ബഹുമാനപ്പെട്ട ഗവൺമെന്റിന്റേയും ഉദ്യോഗസ്ഥൻമാരുടേയും ശ്രദ്ധയിൽപ്പെടുത്തിയതാണ്. ആ ആശുപത്രിയിലെ ശോചനീയാവസ്ഥ മാറ്റി ആ ആശുപത്രിയേയും അവിടുത്തെ ജനങ്ങളേയും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ആശുപത്രിയിൽ ഡോക്ടർമാരുണ്ട്. അവർ കൃത്യസമയത്ത് ഹാജരാകുന്നില്ലെങ്കിൽ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(5) കിളിമാനൂരിലെ കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്റർ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: കിളിമാനൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കെ. എസ്. ആർ. ടി. സി. യുടെ ഒരു ഓപ്പറേറ്റിംഗ് സെന്റർ ഉണ്ട്. ഇതേക്കുറിച്ച് കഴിഞ്ഞ നിയമസഭയിലും സബ്മിഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിച്ചിരുന്നു. അതിന് മറുപടി പറഞ്ഞപ്പോൾ നടപടി സ്വീകരിക്കാമെന്ന് പറഞ്ഞു. ഒരു നടപടിയും ഇതേവരെ സ്വീകരിച്ചിട്ടില്ല. അതിന്റെ അടിസ്ഥാനത്തിലാണ് വീണ്ടും സബ്മിഷൻ ഉന്നയിക്കുന്നത്.

അവിടെ 24 ഷെഡ്യൂൾ ഉള്ളതിന് 26 ബസ് വേണം. അതിന് 20 ബസ് സുകം മാത്രമാണുള്ളത്. അതിൽ 7 എണ്ണം സ്ഥിരമായി കട്ടപ്പുറത്താണ്. ആറ് ബസിന് ഒറ്റ ടയർപോലുമില്ല. ഒരെണ്ണം പാപ്പനംകോടും രണ്ടെണ്ണം ഡിവിഷനിലുമാണ്. 10 ബസ് സുകം സർവ്വീസ് നടത്തുന്നതിൽ തിരിച്ചെത്തുന്നത് 5 എണ്ണമാണ്. അഞ്ചെണ്ണം വഴിയിലും. അവിടെ ഇന്ന് ആദ്യത്തേയും അവസാനത്തേതുമായ ഷെഡ്യൂളുകൾ ഓടുന്നില്ല. അവിടെ വർക്ക്ഷോപ്പ് രണ്ടുവർഷം മുമ്പാണ് തുടങ്ങിയത്. കോൺട്രാക്ടർ ബിൽ മാറാത്തതുകൊണ്ട് പണി നടത്താൻ നിവൃത്തിയില്ലാതിരിക്കുകയാണ്. ആവശ്യത്തിന് മെക്കാനിക്കൽ സ്റ്റാഫില്ല. ഒരെണ്ണമേയുള്ളൂ 10 ബസ്സുകൾ ദിവസവും അവിടെ ബ്രേക്ക്ഡൗണായി കൊണ്ടിടാറുണ്ട്. രാത്രിയിൽ അവിടെ വെളിച്ചമില്ല. വെയിറ്റിംഗ് ഷെഡ്ഡില്ല. ഉള്ള വെയിറ്റിംഗ് ഷെഡ് ചോർന്നൊലിക്കുന്നു. വിദ്യാർത്ഥികൾക്ക് കൺസഷൻ കിട്ടുന്നില്ല. ഈ പറഞ്ഞ സൗകര്യങ്ങളെല്ലാം അവിടെ ഉണ്ടാക്കണം. അതിനുവേണ്ട അടിയന്തിരനടപടികൾ സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): 11-2-1981-ൽ 12 ഷെഡ്യൂളുകളോടുകൂടി കിളിമാനൂർ ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തനമാരംഭിച്ചു. ഇന്നിപ്പോൾ അഞ്ച് ഫാസ്റ്റ് പാസഞ്ചറും 18 ഓർഡിനറി സർവ്വീസുകളുമുണ്ട്. ടയർ ഇല്ലാത്തതുകൊണ്ട് മൂന്നു ബസ്സു് അറ്റകുറ്റപണികൾക്കായി അഞ്ച് ബസ്സും വർക്കുഷോപ്പിൽ കിടക്കുകയാണ്. എന്നാൽ യാതൊരു സർവ്വീസും ക്യാൻസൽ ചെയ്തിട്ടില്ല. ടയർ ക്ഷാമം മൂലമാണ് ഈ പ്രയാസമുള്ളത്. 30/37.5 മീറ്റർ വലിപ്പത്തിലുള്ള ഒരു ഹാംഗർ ടൈപ്പ് ഗാരേജിന്റെ നിർമ്മാണം ധൃതഗതിയിൽ നടക്കുകയാണ്. പണി റൂഫ്തലംവരെ എത്തി. അടുത്ത നാലഞ്ച് മാസംകൊണ്ട് അത് പൂർത്തിയാകും. അതോടൊപ്പം അവിടത്തെ യാത്രാക്ലേശം പരിഹരിക്കും.

(6) പെരിന്തൽമണ്ണ ഗവൺമെന്റ് കോളേജ്

ശ്രീ. നാലകത്ത് സൂപ്പി: പെരിന്തൽമണ്ണ ഗവൺമെന്റ് കോളേജ് 1974-75-ൽ ആരംഭിച്ചതാണെങ്കിലും ഇതുവരെ അതിന് സ്വന്തമായി ഒരു കെട്ടിടം ഉണ്ടാക്കിയിട്ടില്ല. തൊട്ടടുത്ത ഗവൺമെന്റ് പോളിടെക്നിക്കിന്റെ ഒരു കെട്ടിടത്തിലാണ് ഇത് പ്രവർത്തിച്ചു വരുന്നത്. കെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ടുണ്ടെങ്കിലും അത് തടസ്സപ്പെട്ടുകിടക്കുകയാണ്. സാമ്പത്തികമായ ബുദ്ധിമുട്ടുകൾ കാരണമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് അതിനേക്കാൾ കൂടി ആരംഭിച്ച പല കോളേജ് കെട്ടിടങ്ങളുടെയും പണി പൂർത്തിയായിട്ടുണ്ട്. പെരിന്തൽമണ്ണയിൽ മാത്രം ഇങ്ങനെ അനാസ്ഥ കാണുന്നതിൽ എനിക്ക് അതിയായ വിഷമമുണ്ട്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. അതുപോലെ ആ കോളേജിലുള്ള സൗകര്യങ്ങൾ വെച്ചുകൊണ്ട് ഡിഗ്രി ക്ലാസ്സുകൾ തുടങ്ങാൻ യൂണിവേഴ്സിറ്റിയുടെ റെക്കമെന്റേഷൻ ഉണ്ടായിരുന്നു. അതും ഗവൺമെന്റിന്റെ മുമ്പാകെ കിടക്കുകയാണ്. അതും അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly